# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ **2138**

05/05/2017 -ൽ മറുപടിയ്ക്ക്.

### ക്ഷീരോല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ<br>ശ്രീ.എ.പ്രദീപ് കുമാർ<br>ശ്രീ.എം. രാജഗോപാലൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ക്ഷീരോല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികളുടെ ഭാഗമായി പാലിന്റെ സംഭരണ, സംസ്കരണ, വിതരണ പ്രക്രിയകൾ ശാസ്ത്രീയമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; | (എ) പാൽ സംഭരണം കൂടുതൽ കാര്യക്ഷമവും സുതാര്യവും ആക്കുന്നതിനായി എ.എം.സി യൂണിറ്റുകൾ (ആട്ടോമാറ്റിക്ക് മിൽക്ക് കളക്ഷൻ യൂണിറ്റ്) ഇല്ലാത്ത ക്ഷീരസഹകരണ സംഘങ്ങളിൽ എ.എം.സി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി അവയർനെസ് പ്രോഗ്രാമുകൾ സംഘടിപ്പിക്കാനും പാൽ പരിശോധനാ ഉപകരണങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനായി കാലിബ്രേഷൻ നിർബന്ധമാക്കുകയും ക്ഷീരസംഘങ്ങൾ സംഭരിക്കുന്ന പാലിന്റെ സൂക്ഷിപ്പ് മേന്മ വർദ്ധിപ്പിക്കുന്നതിനായി കോൾഡ് ചെയിൻ സിസ്റ്റം വ്യാപിപ്പിക്കുവാനും ഉദ്ദേശിക്കുന്നു.. ക്ഷീര സംഘങ്ങൾക്ക് പാൽ പരിശോധനാ ഉപകരണങ്ങൾ വാങ്ങുന്നതിനും ഫുഡ്സേഫ്റ്റി സ്റ്റാൻഡേർഡ് നിലനിറുത്തുന്നതിനും ആവശ്യമായ ധന സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.. എല്ലാ |

ക്ഷീരസംഘങ്ങളെയും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ബന്ധിപ്പിക്കുന്നതിന് വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഒരു നെറ്റ് വർക്കിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ക്ഷീര കർഷകർക്ക് പാലിന് ന്യായമായ വിലയും കുറഞ്ഞവിലയ്ക്ക് കാലിത്തീറ്റയും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ?

(ബി) രാജ്യത്ത് പാലിന് ഏറ്റവും കൂടുതൽ സംഭരണ വില നിൽകുന്നത് കേരളത്തിലാണ്. മിൽമ പാൽ സംഭരണ വിൽപന വിലകൾ 11.02.2017 മുതലാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. 2014 ജൂലൈ മാസത്തിലാണ് ഇതിനു മുമ്പ് വർദ്ധിപ്പിച്ചത്. കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ കർഷകർക്ക് ഉൽപാദനചെലവിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് സംഭരണ വില വർദ്ധിപ്പിച്ചു നൽകുന്നതിനായിട്ടാണ് പാൽ വില വർദ്ധിപ്പിച്ചത്. ഈ കാരണത്താൽ വർദ്ധിപ്പിച്ച വിൽപന വിലയുടെ 83.75% അതായത് വിൽപന വില 4 രൂപ വർദ്ധിപ്പിച്ചപ്പോൾ അതിൽ നിന്നും 3.35 രൂപയും കർഷകർക്ക് നൽകുകയാണ് ഉണ്ടായത്. പാൽ വില ചാർട്ട് പരിഷ്കരണത്തിലൂടെ പാൽ വില വർദ്ധനവിന്റെ ഗുണം കർഷകന് പൂർണ്ണമായും ലഭ്യമായിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയിട്ടുണ്ട്. കൂടാതെ ക്ഷീര കർഷകർ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് മേഖലാ യൂണിയനുകൾ ക്ഷീരകർഷകർക്ക് പാൽ വിലയിൽ ഇൻസെന്റീവും നൽകി വരുന്നു.

കാലിത്തീറ്റയുടെ വിലവർദ്ധനവ് മൂലം ക്ഷീരകർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സംഘത്തിൽ അളക്കുന്ന ഒരു ലിറ്റർ പാലിന് 1 രൂപയുടെ കാലിത്തീറ്റ സബ്സിഡി നൽകിവരുന്നു. കൂടാതെ ത്രിതല പഞ്ചായത്ത് പദ്ധതികൾ മുഖേന ഒരു ലിറ്റർ പാലിന് 3 രൂപവരെ കാലിത്തീറ്റ സബ്സിഡി നൽകുന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

ഉരുക്കൾക്ക് ആവശ്യമായ ധാതുലവണ മിശ്രിതം, വൈറ്റമിൻ സപ്ലിമെന്റുകൾ എന്നിവയും സബ്സിഡി നിരക്കിൽ സംഘം മുഖേന നൽകി വരുന്നു. കാലിത്തീറ്റയെ അധികമായി ആശ്രയിക്കുന്നത് ഒഴിവാക്കുന്നതിനും പച്ചപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും, തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

കടുത്ത വരൾച്ചയെ നേരിടുന്നതിനായി ക്ഷീര സഹകരണ സംഘങ്ങൾ മുഖേന വൈയ്ക്കോൽ/ പച്ചപ്പുല്ല് കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി 35 ലക്ഷം രൂപ അടിയന്തിരമായി അനുവദിച്ചു.

മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയിലൂടെ സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകിവരുന്നു. ഈ വർഷം 2.5 ലക്ഷം കന്നുകുട്ടികൾക്ക് ഇപ്രകാരം തീറ്റ നൽകുന്നുണ്ട്. ഇതിന് 53.8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കാലിത്തീറ്റ ഫാക്ടറികളിലേയ്ക്കാവശ്യമായ മിക്ക അസംസ്കൃത വസ്തുതക്കളും കേരളത്തിൽ ലഭ്യമല്ലാത്തതിനാൽ വടക്കെ ഇന്ത്യ ഉൾപ്പെടെയുള്ള അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ് വാങ്ങുന്നത്.

അസംസ്കൃത വസ്തുക്കളുടെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിലും കർഷകരുടെ ബുദ്ധിമുട്ട് പരിഗണിച്ച് പൊതുമേഖലയിലും സഹകരണമേഖലയിലും ഉള്ള കാലിത്തീറ്റ ഫാക്ടറികൾ ഭീമമായ നഷ്ടം സഹിച്ചു കൊണ്ടാണ് ഇപ്പോൾ ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. കൂടാതെ മിൽമയുടെ മേഖല യൂണിയനുകൾ അവരുടെ ലാഭ വിഹിതത്തിൽ നിന്നും കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ